# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3294** | **22/08/2017-ന് മറുപടിക്ക്**

## പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കാൻ നടപടി

**ചോദ്യം**

ഡോ. എൻ.ജയരാജ്

**ഉത്തരം**

പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ)യും (ബി) യും | ഈ സർക്കാർ അധികാരമേറ്റ ശേഷം രണ്ടു തവണ പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.<br>1. 29.06.2016 ലെ AV(2)4182/02/GW നമ്പർ വിജ്ഞാപന പ്രകാരം 30.06.2016 ന് നിലവിലുള്ളതും 30.12.2016 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി നിബന്ധനകൾക്ക് വിധേയമായി 31.12.2016 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.<br>2. 30.12.2016 ലെ AV(2)4182/02/GW നമ്പർ വിജ്ഞാപന പ്രകാരം 31.12.2016 മുതൽ 29.06.2017 വരെയുള്ള കാലയളവിൽ സ്വാഭാവിക കാലാവധിയായ 3 വർഷം |
| (ബി) | എങ്കിൽ ഏതെല്ലാം റാങ്ക് ലിസ്റ്റുകളുടെ കാലാവധി എത്ര പ്രാവശ്യം വീതം നീട്ടി നൽകിയെന്ന് പട്ടിക തിരിച്ച് വിശദമാക്കുമോ; ഏതൊക്കെ തീയതികളിലെ കാബിനറ്റ് തീരുമാന പ്രകാരമാണ് കാലാവധി ദീർഘിപ്പിച്ചത് എന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | പൂർത്തിയാകുന്ന എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി നിബന്ധനകൾക്ക് വിധേയമായി 30.06.2017 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. 22.6.2016, 28.12.2016 എന്നീ തീയതികളിലെ മന്ത്രിസഭായോഗ തീരുമാന പ്രകാരമാണ് റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കുവാൻ പി.എസ്.സിയോട് ശിപാർശ ചെയ്തത്. |
| (സി) | പി.എസ്.സി. പുതുതായി വിജ്ഞാപനം പുറപ്പെടുവിക്കാത്ത തസ്തികകളിൽ നിലവിലുള്ള റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി)യും (ഡി)യും (ഇ)യും | റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുവാൻ പബ്ളിക് സർവ്വീസ് കമ്മീഷനോട് ശിപാർശ ചെയ്യുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | ഒരിക്കൽപോലും കാലാവധി ദീർഘിപ്പിക്കാത്ത പട്ടികകളിൽ ഉൾപ്പെട്ട, പ്രായപരിധി കഴിഞ്ഞ ഉദ്യോഗാർത്ഥികളോട് അനുഭാവ പൂർവ്വമായ സമീപനം സ്വീകരിക്കുമോ; | | |
| (ഇ) | പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് പരീക്ഷാ നടത്തിപ്പ് ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിക്കുന്നതു വരെ നിലവിലുള്ള പട്ടികകളുടെ കാലാവധി ദീർഘിപ്പിച്ച്, പിൻവാതിൽ/താൽക്കാലിക നിയ- | | |

| | | | |
|---|---|---|---|
| | മനങ്ങൾക്ക് തടയിടാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | | |

Ramjith AR

**സെക്ഷൻ ഓഫീസർ**